# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ: 50

07.08.2017 -ലെ
മറുപടിക്ക്

### ജലാശയശുചീകരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി.എഫ്. തോമസ്<br>ഡോ. എൻ. ജയരാജ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി ) |
| (എ) നവകേരള മിഷനിൽ ഉൾപ്പെടുത്തി ജലാശയശുചീകരണത്തിന്റെ ഭാഗമായി പോള നീക്കം ചെയ്യുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; | (എ)<br>&<br>(ബി) | സംസ്ഥാനത്ത് ജനപങ്കാളിത്തത്തോടെ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന നവകേരളം കർമ്മ പദ്ധതിയിലെ ഒരു മിഷനാണ് ഹരിതകേരളം മിഷൻ. ഇതിൽ മൂന്നു ഉപദൗത്യങ്ങളെ കേന്ദ്രീകരിച്ച ഉപമിഷനുകൾ പ്രവർത്തിക്കുന്നു. ഇപ്രകാരം ശുചിത്വ മാലിന്യ സംസ്കരണം, ജലസംരക്ഷണം, കൃഷിവികസനം എന്നീ മേഖലകളിൽ മൂന്നു ഉപമിഷനുകളുണ്ട്.<br><br>ഹരിതകേരളം മിഷനിൽ ഉൾപ്പെടുന്ന ജല ഉപമിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ആദ്യഘട്ടത്തിൽ കുളങ്ങൾ, തോടുകൾ, കനാലുകൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്നതിനും, നിലനിർത്തുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് ഉദ്ദേശിക്കുന്നത്.രണ്ടാം ഘട്ടത്തിൽ നദികൾ, കായലുകൾ, മറ്റു ജലസ്രോതസുകൾ എന്നിവയുടെ ശുചീകരണവും ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനായുള്ള മാർഗ്ഗരേഖ തയ്യാറാക്കി ചിട്ടയായ പ്രവർത്തനത്തിലൂടെ ലക്ഷ്യങ്ങൾ കൈവരിക്കാനാവുമെന്നു പ്രതീക്ഷിക്കുന്നു. |
| (ബി) എങ്കിൽ എന്തൊക്കെ നടപടികൾ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ